"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പവിത്രേശ്വരം കെ.എൻ.എൻ.എം.വി.എച്ച്.എസ് ലെ എച്ച്.എസ്.ടി.(എസ്.എസ്) ശ്രീ എം എം ജയരാജ് ഇന്റർ മാനേജ്മെന്റ് ട്രാൻസ്ഫർ അംഗീകരിക്കുന്നതിനായി സമർപ്പിച്ച ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1847/2026/GEDN തീയതി,തിരുവനന്തപുരം, 02-03-2026

---

പരാമർശം:-

1. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 09-10-2025 തീയതിയിലെ ഡി.ജി.ഇ/18217/2025-H2 നമ്പർ കത്ത്.
2. കരുവമല എച്ച്.എസ് മാനേജർ സമർപ്പിച്ച സത്യവാങ്മൂലം.
3. കരുവമല എച്ച്.എസ് ടീച്ചർ ഇൻ-ചാർജ് ആയി ജോലി ചെയ്യുന്ന ശ്രീമതി.ലക്ഷ്മി ബി. ആർ സമർപ്പിച്ച സത്യവാങ്മൂലം.

**ഉത്തരവ്**

പവിത്രേശ്വരം കെ.എൻ.എൻ.എം.വി.എച്ച്.എസ് ലെ എച്ച്.എസ്.ടി.(എസ്.എസ്) ആയ ശ്രീ എം.എം ജയരാജ് നെ അന്തർമാനെജ്മെന്റ് സ്ഥലം മാറ്റം മുഖേന കരുവാമല ഹൈസ്കൂളിലെ പ്രഥമാധ്യാപക/ടീച്ചർ ഇൻ ചാർജ്ജ് ഒഴിവിലേക്ക് നിയമിക്കുന്നതിന് ശ്രീ എം.എം ജയരാജ് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറിന് അപേക്ഷ സമർപ്പിച്ചു.

2.KNNMVHSS പവിത്രേശ്വരം വിദ്യാഭ്യാസ ഏജൻസിയിൽ നിലവിൽ വകുപ്പ് തലത്തിൽ അംഗീകാരമുള്ള മാനേജർ ഇല്ലാത്തതിനാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറെ വിദ്യാഭ്യാസ ഏജൻസിയുടെ താൽക്കാലിക മാനേജർ ആയി കൊല്ലം വിദ്യാഭ്യാസ ഉപ ഡയറക്ടർ നിയമിച്ചിരുന്നു. കറുവാമല ഹൈസ്കൂളിൽ പ്രഥമാധ്യാപകൻ ആയിരുന്ന ശ്രീ.സുഭാഷ് ബാബു 30.04.2025 തീയതിയിൽ സർവീസിൽ നിന്ന് വിരമിച്ചതിനാൽ മാനേജ്മെന്റിൽ പ്രഥമാധ്യാപക തസ്തികക്ക് യോഗ്യരായ അധ്യാപകർ ആരുമില്ലാത്തതിനാൽ പവിത്രേശ്വരം KNNMVHS ലെ HST (SS) ആയ ശ്രീ എം.എം ജയരാജ്-നെ കറുവാമല ഹൈസ്കൂളിൽ പ്രഥമാധ്യാപകൻ / ടീച്ചർ ഇൻ ചാർജ് ആയി നിയമിക്കാമോ എന്നതിൽ സർക്കാരിൽ നിന്നും മാർഗ നിർദ്ദേശം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ആവിശ്യപെട്ടു .

3.കറുവാമല ഹൈസ്കൂളിൽ HST വിഭാഗത്തിൽ 4 അധ്യാപകർ ആണ്

ഉള്ളത്. ആയതിൽ HST (SS) തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി.ലക്ഷ്മി ബി.ആർ മാത്രമാണ് മാനേജ്മെന്റിന് കീഴിൽ ശമ്പള സ്കെയിലിൽ നിയമനാംഗീകാരം ലഭിച്ച സ്ഥിരം അധ്യാപിക. മറ്റ് 2 അധ്യാപകർ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകാരം ലഭിച്ചവരും ഒരാൾ സംരക്ഷിതാ അധ്യാപികയുമാണ്. ശ്രീമതി.ലക്ഷ്മി ബി.ആർ നു 01.06.2017 മുതൽ എച്ച്.എസ്.ടി (എസ്.എസ്) ആയി നിയമനാംഗീകാരം ലഭിച്ചു. കറുവാമല ഹൈസ്കൂളിൽ പ്രഥമാധ്യാപകൻ ആയിരുന്ന ശ്രീ.സുഭാഷ് ബാബു 30.04.2025 തീയതിയിൽ സർവീസിൽ നിന്ന് വിരമിച്ച ഒഴിവിൽ ശ്രീമതി ലക്ഷ്മി ബി.ആർ നെ 01.05.2025 മുതൽ ടീച്ചർ ഇൻ ചാർജ് ആയി നിയമിച്ച് പ്രപ്പോസൽ സമന്വയയിൽ നല്കിയിട്ടുള്ളതായും കൊല്ലം വിദ്യാഭ്യാസ ഉപ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4.പരാമർശം (2) ലെ ഐവർകാല കരുവാമല ഹൈസ്കൂൾ മാനേജർ നൽകിയ സത്യവാങ്മൂലം പ്രകാരം ശ്രീ ജയരാജിനെ ടീച്ചർ ഇൻ ചാർജ് / ഹെഡ്മാസ്റ്റർ ആയി അന്തർ സ്കൂൾ സ്ഥലംമാറ്റം വഴി നിയമിച്ചാൽ നിലവിലെ ടീച്ചർ ഇൻ ചാർജിനെ ഒഴിവാക്കാമെന്നാണ് മാനേജർ സത്യവാങ്മൂലം നൽകിയിരിക്കുന്നത്. ശ്രീ ജയരാജിനെ ടീച്ചർ ഇൻ ചാർജ് / ഹെഡ്മാസ്റ്റർ ആയി അന്തർ സ്കൂൾ സ്ഥലംമാറ്റം വഴി നിയമിച്ചാൽ നിലവിലെ ടീച്ചർ ഇൻ ചാർജിനെ ഒഴിവാക്കാമെന്ന് ഐവർകാല കരുവാമല ഹൈസ്കൂൾ മാനേജർ സത്യവാങ്മൂലം സമർപ്പിച്ചിരിയ്ക്കുന്ന സാഹചര്യത്തിൽ , തസ്തികനഷ്ടം സംഭവിച്ച് സംരക്ഷിതാധ്യാപകനായി തുടരുകയായിരുന്ന ഒരു അദ്ധ്യാപകനല്ല പവിത്രേശ്വരം KNNMVHS ലെ HST (SS) ആയ ശ്രീ എം.എം ജയരാജ് എങ്കിലും ഐവർകാല കരുവാമല ഹൈസ്കൂൾ മാനേജർ നൽകിയ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക കേസ് ആയിപരിഗണിച്ചു പവിത്രേശ്വരം KNNMVHS ലെ HST (SS) ആയ ശ്രീ എം.എം ജയരാജ് നെ അന്തർമാനെജ്മെന്റ് സ്ഥലം മാറ്റം മുഖേന കരുവാമല ഹൈസ്കൂളിലെ പ്രഥമാധ്യാപക/ടീച്ചർ ഇൻ ചാർജ്ജ് ആയി നിയമിക്കുന്നതിന്കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ സമർപ്പിച്ച അപേക്ഷ അംഗീകരിക്കുന്നവിഷയം സർക്കാർ പരിശോധിച്ചു .

5.കറുവാമല ഹൈസ്കൂളിൽ ടീച്ചർ ഇൻ-ചാർജായി ജോലി നോക്കി വരുന്ന ഹൈസ്കൂൾ വിഭാഗം സോഷ്യൽ സയൻസ് അദ്ധ്യാപിക ശ്രീമതി. ലക്ഷ്മി വി.ആർ പരാമർശം (3) പ്രകാരം നിരാക്ഷേപ പത്രം സമർപ്പിച്ചു . ടി സ്കൂളിൽ പ്രഥമാധ്യാപിക ടീച്ചർ ഇൻ ചാർജ് തസ്തികകയിലേയ്ക്ക് അന്തർമാനെജ്മെന്റ് മാറ്റം വഴി മറ്റൊരു മാനേജ് മെന്റിൽ നിന്ന് അദ്ധ്യാപകനെ നിയമിക്കുന്നതിൽ തനിക്ക് പൂർണ്ണ സമ്മതമാണെന്ന് ശ്രീമതി ലക്ഷ്മി ബി.ആർ അറിയിച്ചിരിക്കുന്നു.

6.മേൽ സാഹചര്യത്തിൽ കെ.എൻ.എൻ.എം.വി.എച്ച്.എസ് ലെ എച്ച്.എസ്.ടി. (എസ്.എസ്) ആയ ശ്രീ.എം.എം. ജയരാജിന് ഇന്റർ മാനേജ്മെന്റ് സ്ഥലം മാറ്റം

മുഖേന കറുവാമല ഹൈസ്കൂളിൽ പ്രഥമാദ്ധ്യാപിക/ടീച്ചർ ഇൻ ചാർജ് ആയി നിയമിക്കുന്നതിനുള്ള കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അപേക്ഷയിലെ ആവശ്യം ഒരു പ്രത്യേക കേസായി പരിഗണിച്ച് ഇതൊരു കീഴ്‌വഴക്കമായി പരിഗണിക്കുന്നതല്ലയെന്ന വ്യവസ്ഥയിൽ അംഗീകരിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനുള്ള നിർദേശം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, കെ.എൻ.എൻ.എം.വി.എച്ച്.എസ്, പവിത്രേശ്വരം, കൊല്ലം
ശ്രീ എം എം ജയരാജ് ,എച്ച്.എസ്.ടി.(എസ്.എസ്), കെ.എൻ.എൻ.എം.വി.എച്ച്.എസ്, പവിത്രേശ്വരം, കൊല്ലം
ശ്രീമതി. ലക്ഷ്മി ബി.ആർ,ടീച്ചർ ഇൻ ചാർജ്, കരുവാമല ഹൈസ്കൂൾ , കൊല്ലം
മാനേജർ, കരുവാമല ഹൈസ്കൂൾ , കൊല്ലം
വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Indulekha C
സെക്ഷൻ ഓഫീസർ
Date: 02-03-2026 14:52:33